# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2421

05.11.2019 ൽ മറുപടിക്ക്

### കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ സന്നദ്ധത

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ. ദാസൻ : | | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | കേന്ദ്ര സർക്കാർ ഓഹരികൾ വിൽക്കാൻ നിശ്ചയിച്ചിട്ടുള്ള ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളാണ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ സന്നദ്ധത അറിയിച്ചുകൊണ്ട് കേന്ദ്ര സർക്കാരിനെ സമീപിച്ചത്; വിശദമാക്കാമോ; | (എ)<br>&<br>(ബി) | സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്, പാലക്കാട്, BHEL-EML, കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, കോട്ടയം, എന്നീ സ്ഥാപനങ്ങൾ നിതി ആയോഗിന്റെ ശുപാർശ പ്രകാരം ഓഹരി വിറ്റഴിക്കാൻ കേന്ദ്ര സർക്കാർ നടപടികൾ സ്വീകരിച്ചു. ഇതിനെതുടർന്ന് ഇവയെ പൊതുമേഖലയിൽ തന്നെ നിലനിർത്തണം എന്ന് ആവശ്യപ്പെട്ട് നിരവധി തവണ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.<br><br>കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനായി അതിന്റെ ആസ്തികൾ 53.02 കോടി രൂപയ്ക്ക് വാങ്ങുന്നതിന് തീരുമാനിക്കുകയും സർക്കാർ ഉത്തരവ് GO.(MS).No.52/2018/ID, തീയതി 20/7/2018 പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ഇൻസ്ട്രുമെൻറേഷൻ കേരള ലിമിറ്റഡ് എന്ന പേരിൽ പുതിയ കമ്പനി രൂപീകരിക്കാനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br><br>കേന്ദ്ര/കേരള സർക്കാർ പ്രതിനിധികൾ ഇത് സംബന്ധിച്ച് കരട് ധാരണപത്രം |
| (ബി) | ഇത്തരത്തിൽ ഏതെങ്കിലും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി, ഭൂമി എന്നിവ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി കേന്ദ്ര സർക്കാറിൻെറ അന്തിമ അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ കേന്ദ്ര സർക്കാർ, ആസ്തിവില നിർണ്ണയിക്കുന്നതിൽ വസ്തുവിന്റെ വില കൂടി കണക്കാക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ പുതുശ്ശേരി വില്ലേജിൽ സൗജന്യമായി സംസ്ഥാനം നല്കിയ ഭൂമിയാണിത്. ഏറ്റെടുക്കൽ നടപടികളെ മന്ദഗതിയിലാക്കിയത് കേന്ദ്രത്തിന്റെ ഈ സമീപനമാണ്. ഇത് പരിഹരിക്കാൻ സെക്രട്ടറി തലത്തിൽ ചർച്ചകൾ പുരോഗമിച്ചു വരുന്നു.<br>ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കാസർഗോഡുള്ള ബി.എച്ച്. ഇ. എൽ - ഇ. എം .എൽ -ൽ ഉള്ള 51% ബി.എച്ച്. ഇ. എൽ ന്റെ ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുവേണ്ടി 07.09.2019 ലെ G.O(Ms)No.78/2019/ID ഉത്തരവ് പുറപ്പെടുവിക്കുകയും ഇതുമായി ബന്ധപ്പെട്ട കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.<br>കോട്ടയം ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൻെറ മാതൃ സ്ഥാപനമായ ഹിന്ദുസ്ഥാൻ പേപ്പർ കോർപ്പറേഷനെ, ലിക്വിഡേറ്റ് ചെയ്ത് ബാധ്യതകൾ തീർപ്പാക്കുന്നതിനായി ഡൽഹിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ ഒഫിഷ്യൽ ലിക്വിഡേറ്ററെ നിയമിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിയിലെ നാഷണൽ കമ്പനി ലോ ട്രിബ്യൂണലിൽ, എച്ച്.എൻ.എൽ-ന് എതിരെയുള്ള ഇൻസോൾവൻസി കേസിൽ സംസ്ഥാന സർക്കാരും അപേക്ഷ നല്കിയിട്ടുണ്ട്. ഇതിലെല്ലാം സംസ്ഥാനത്തിന്റെ താല്പര്യം അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**